K22P 1541

Reg. No. : ...............................

Name : ...................................

**I Semester M.A. Degree (CBSS – Reg./Sup./Imp.) Examination, October 2022**
**(2019 Admission Onwards)**
**MALAYALAM LANGUAGE AND LITERATURE**
**MAL 1C03 : Short Story Literature**

Time : 3 Hours Max. Marks : 80

I. **1-5** വരെ ചോദ്യങ്ങൾക്ക് **രണ്ടു പുറ**ത്തിൽ കവിയാതെ ഉത്തരമെഴുതുക. **(5×4=20)**
(**എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.)

1) ''ഞാൻ പോവുമ്പോൾ ഈ കെട്ടുകൾ ബാക്കിയാവും. ഈ മിനുപ്പില്ലാത്ത മുടിയിൽ പണ്ടെങ്ങോ ചൂടിയ മുല്ലപ്പൂക്കൾ കരിഞ്ഞു പറ്റികിടക്കുന്നുണ്ടാവും''. സന്ദർഭം വിശകലനം ചെയ്യുക.

2) ''വൈധവ്യം ഈ വാക്കു കേൾക്കുമ്പോൾ ഇപ്പോഴും എന്റെ ഹൃദയനാഡികൾ നടുങ്ങുന്നു''. കഥയിലെ ആശയവും സന്ദർഭവും വിശകലനം ചെയ്യുക.

3) ''എം. ഏ. യാവുകയല്ല, അമ്മയാവുകയാണ് ഇനിയാവശ്യം. അടുത്ത തലമുറയിൽ ആൾക്ഷാമം ഉണ്ടാവരുതല്ലോ''. സന്ദർഭമെന്ത് ?

4) 'ചങ്കരാന്തി അട'യിലെ ദളിത് ജീവിതസംസ്കാരം വിവരിക്കുക.

5) 'തഹസീൽദാരുടെ അച്ഛൻ'ലെ വാർദ്ധക്യജീവിതത്തിന്റെ പ്രതിസന്ധികൾ എന്ത് ?

II. **6-10** വരെ ചോദ്യങ്ങൾക്ക് **നാലു പുറ**ത്തിൽ കവിയാതെ ഉത്തരമെഴുതുക. **(5×6=30)**

6) എ) 'കോട്ടയത്ത് എത്ര മത്തായിമാർ ഉണ്ട്' എന്ന കഥയിൽ ആവിഷ്കൃതമാവുന്ന മനുഷ്യാസ്തിത്വത്തിന്റെ സങ്കീർണതകൾ വിവരിക്കുക.

**അല്ലെങ്കിൽ**/ OR

ബി) ഇന്ത്യയിലെ ഒരു പ്രത്യേക കാലഘട്ടത്തിലെ രാഷ്ട്രീയവും സാമൂഹികവുമായ സംഘർഷാത്മകതയും അരക്ഷിതാവസ്ഥയും 'വൻമരങ്ങൾ വീഴുമ്പോൾ' എന്ന ചെറുകഥയിൽ ആവിഷ്കൃതമായിരിക്കുന്നതെങ്ങിനെ ? വിശദീകരിക്കുക.

P.T.O.



7) എ) ആധുനിക കാലഘട്ടത്തിലും കേരളീയ സമൂഹത്തിൽ നിലനിൽക്കുന്ന ജാതീയമായ ഉച്ചനീചത്വങ്ങളുടെ പരിച്ഛേദമാണ് 'പന്തിഭോജനം'. ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**/ OR

ബി) വളർത്തുമൃഗവും മനുഷ്യനും തമ്മിലുള്ള പാരസ്പര്യത്തെ ആധുനിക കുടുംബങ്ങളിലെ അന്തച്ഛിദ്രങ്ങളെ മുൻനിർത്തി ആവിഷ്കരിക്കുന്ന കഥ എന്ന നിലയിൽ 'ഹാരിസൺ സായ്‌വിന്റെ നായ'യുടെ പ്രസക്തി ചർച്ച ചെയ്യുക.

8) എ) മലയാളത്തിലെ ആദ്യകാല ചെറുകഥകൾ പ്രമേയ സ്വീകരണത്തിലും ആഖ്യാനത്തിലും പുലർത്തുന്ന സവിശേഷതകൾ ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**/ OR

ബി) കേശവദേവിന്റെ 'അയൽക്കാരി' എന്ന കഥയെ മുൻനിർത്തി മലയാളത്തിലെ നവോത്ഥാന കാലഘട്ടത്തിലെ ചെറുകഥകളുടെ ആഖ്യാനസവിശേഷതകൾ വിശകലനം ചെയ്യുക.

9) എ) ആധുനികാനന്തര ചെറുകഥകളുടെ സ്വഭാവ സവിശേഷതകൾ വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**/ OR

ബി) ചെറുകഥയിലെ കേരളീയ സാമൂഹിക ജീവിതത്തിന്റെ പ്രതിഫലനങ്ങളെ പറ്റി 'സാർ, വന്ദനം' എന്ന കഥയെ മുൻനിർത്തി സമർത്ഥിക്കുക.

10) എ) 'ഇതാ ഒരു ടെക്കി' എന്ന കഥയെ മുൻനിർത്തി ആധുനികാനന്തര സാഹിത്യത്തിലെ സൈബർ കാലഘട്ടാവിഷ്കാരത്തെ പറ്റി നിരൂപണം ചെയ്യുക.

**അല്ലെങ്കിൽ**/ OR

ബി) സ്ത്രീജീവിതത്തിന്റെ കാലുഷ്യങ്ങളെ അടയാളപ്പെടുത്തുന്ന കഥ എന്ന നിലയിൽ 'അസംഘടിത'യെ വിലയിരുത്തുക.

III. **11-13** വരെ ചോദ്യങ്ങൾക്ക് **ആറു പുറ**ത്തിൽ കവിയാതെ ഉത്തരമെഴുതുക. **(3×10=30)**

11) എ) രാജലക്ഷ്മിയുടെ കഥകളിലെ സ്ത്രീപക്ഷസമീപനത്തിന്റെ സവിശേഷതകൾ 'പരാജിത'യെ മുൻനിർത്തി ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**/ OR

ബി) ശിഥിലമാക്കപ്പെടുന്ന മനുഷ്യാവസ്ഥകളുടെ ആവിഷ്കാരമാണ് 'ഇരിക്കപ്പിണ്ഡം'. സമർത്ഥിക്കുക.



12) എ) ആധുനിക ചെറുകഥകളിലെ ആഖ്യാനപാടവത്തിന്റെ സവിശേഷതകൾ 'മന:ശ്ശാസ്ത്രജ്ഞന് ഒരു കത്ത്' എന്ന കഥയെ കേന്ദ്രീകരിച്ച് വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**/ OR

ബി) ആധുനിക ചെറുകഥയുടെ ഭാവുകത്വപരമായ സവിശേഷതകൾ 'മരിച്ചിട്ടില്ലാത്തവരുടെ സ്മാരകങ്ങൾ' എന്ന കഥയെ മുൻനിർത്തി വിലയിരുത്തുക.

13) എ) ഭാഷയിലും ആഖ്യാനത്തിലും കോവിലന്റെ കഥകൾ പുലർത്തുന്ന വ്യതിരിക്തതയെ പറ്റി 'ശകുനം' എന്ന ചെറുകഥയെ മുൻനിർത്തി വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**/ OR

ബി) പ്രമേയ സ്വീകരണത്തിലും പശ്ചാത്തലത്തിലും പത്മരാജൻ പുലർത്തുന്ന വ്യതിരിക്തതയെ പറ്റി 'തീത്താലി'യെ മുൻനിർത്തി ഉപന്യസിക്കുക.

______